98103/2023

<u>തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം ,</u>
<u>തിരുവനന്തപുരം</u>

<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>

-
-

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല - ഗുരുവായൂർ നഗരസഭ -ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്- നിർമ്മാണം- KMBR, 2019 ചട്ടം 5(4) പ്രകാരമുള്ള ചീഫ് ടൗൺ പ്ലാനറുടെ അനുമതിയും Sanctioned Town Planning Scheme for Guruvayur Township-ലെ Zoning Regulations പ്രകാരമുള്ള കൺകറൻസ് അംഗീകാരവും നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 03/05/2023, 10/10/2023 എന്നീ തീയതികളിലെ E1-1696/19 നമ്പർ കത്തുകൾ.
2. തൃശ്ശൂർ ടൗൺ പ്ലാനറുടെ 01/08/2023 ലെ LSGD/JD/TSR/2243/2023-N2 നമ്പർ കത്ത്

==============================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. LSGD/PD/14508/2023-TCPA1 തീയതി:13-10-2023

==============================================================

ഗുരുവായൂർ നഗരസഭയിൽ ഗുരുവായൂർ വില്ലേജിൽ സർവ്വേ നമ്പർ 104/10A, 10B, 11,12,13 എന്നിവയിലുൾപ്പെടുന്ന 119.18 ആർ വിസ്തൃതിയുള്ള സ്ഥലത്ത് നിലവിലുള്ള Private Bus Stand, Street ഷോപ്പുകൾ എന്നിവ പൊളിച്ചു പുതിയ ടോയിലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസ്തുത നിർമ്മാണത്തിന് KMBR, 2019 ചട്ടം 5(4)-ലെ പട്ടിക പ്രകാരമുള്ള ചീഫ് ടൗൺ പ്ലാനറുടെ അനുമതിയും Sanctioned Town Planning Scheme for Guruvayur Township-ലെ Zoning Regulations പ്രകാരമുള്ള കൺകറൻസ് അംഗീകാരവും
നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷമേ സെക്രട്ടറി നിർമ്മാണാനുമതി/ഒക്യുപൻസി നൽകാൻ പാടുള്ളൂ (കെ.എം.ബി.ആർ 2019 ചട്ടം 5(4) കാണുക).

98103/2023

2. കെ.എം.ബി.ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർദ്ദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കിയിരിക്കണം. അപേക്ഷകന്റെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും പ്ലാനുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിരിക്കണം.
3. ഈ നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം ലഭ്യമാക്കേണ്ടതാണ്. ചട്ടം 5(6)(2) പ്രകാരം ആവശ്യമായ scrutiny fee ഒടുക്കിയിട്ടുണ്ടെന്ന് ലേഔട്ട് അംഗീകാരം നൽകുന്നതിന് മുമ്പായി ജില്ലാ ടൗൺ പ്ലാനർ ഉറപ്പു വരുത്തേണ്ടതാണ്.
4. നിർമ്മാണം കെഎംബിആർ 2019 ചട്ടങ്ങൾക്കും ആയതിന്റെ നാളിതുവരെയുള്ള ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
5. കെഎംബിആർ 2019 ചട്ടം 41 പ്രകാരമുള്ള ലൈറ്റ് ആൻഡ് വെൻറിലേഷൻ നൽകേണ്ടതാണ്.
6. Sanctioned Town Planning Scheme for Guruvayur Townshipപ്രകാരമുള്ള റോഡ് വൈഡനിംഗിന് ആവശ്യമായ സ്ഥലം നീക്കിവച്ചിരിക്കേണ്ടതാണ്.
7. KMBR, 2019 ചട്ടം 3(1)(d)-യിലെ പ്രൊവിസോ പ്രകാരം നിലവിലുള്ളതും നിർദ്ദിഷ്ടങ്ങളുമായ എല്ലാ നിർമ്മാണങ്ങൾക്കും ചട്ടം 29 അനുസരിച്ചുള്ള പാർക്കിംഗ് നൽകേണ്ടതും എല്ലാ പാർക്കിംഗ് യൂനിറ്റുകളിലെക്കും ചട്ടപ്രകാരം ആവശ്യമായ ഡ്രൈവ് വേ, മാനുവെറിംഗ് സ്പേസ് എന്നിവ നൽകേണ്ടതുമാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

പ്രമോദ് കുമാർ സി.പി

ചീഫ് ടൗൺ പ്ലാനർ

സെക്രട്ടറി, ഗുരുവായൂർ നഗരസഭ, തൃശ്ശൂർ-680101

പകർപ്പ്:-

1. ടൗൺപ്ലാനർ, തൃശ്ശൂർ
2. വെബ് സൈറ്റ്
3. കരുതൽ ഫയൽ

Signed by
Pramodkumar C P
Date: 13-10-2023 11:01:39